ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 25.05.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ 'മൻ കീ ബാത്തിന്റെ 122-ാം പതിപ്പ് ഇന്ന്.

   **The 122nd edition of 'Mann Ki Baat', the monthly radio programme addressed by Prime Minister Narendra Modi, will be held today.**

2. സദ്ഭരണം ചർച്ച ചെയ്യാൻ എൻഡിഎ ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും ഉപമുഖ്യമന്ത്രിമാരും പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ഇന്ന് യോഗം ചേരും.

   **The Chief Ministers and Deputy Chief Ministers of the NDA-ruled states will meet today under the chairmanship of the Prime Minister to discuss good governance.**

3. ഓപ്പറേഷൻ സിന്ദൂർ വിശദീകരിക്കുന്നതിനുള്ള സന്ദർശനത്തിന്റെ ഭാഗമായി ശശി തരൂർ എംപിയുടെ നേതൃത്വത്തിലുള്ള സംഘം അമേരിക്കയിലെത്തി.

   **A delegation led by MP Shashi Tharoor has arrived in the US as part of a visit to explain Operation Sindoor.**

4. കാലവർഷം ശക്തിയാർജ്ജിച്ചതോടെ വടക്കൻ കേരളത്തിലെ അഞ്ചു ജില്ലകളിൽ ഇന്ന് അതിതീവ്ര മഴ മുന്നറിയിപ്പ്. സംസ്ഥാനത്ത് വ്യാപക നാശനഷ്ടം.

**As the monsoon gains strength, a warning of very heavy rain has been issued in five districts of North Kerala today. Extensive damage has been reported in the state.**

5. **കൊച്ചി തീരത്ത് അപകടത്തിൽപ്പെട്ട ചരക്ക് കപ്പലിലെ 21 ജീവനക്കാരെ രക്ഷപ്പെടുത്തിയതായി നാവികസേന.**

   **The Navy says that 21 crew members of a cargo ship that capsized off the coast of Kochi have been rescued.**

6. **ഐപിഎൽ ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സിനെതിരെ ഡൽഹി ക്യാപിറ്റൽസിനു ജയം.**

   **Delhi Capitals win against Punjab Kings in IPL cricket.**

&&&&&&&&&&&&&&&&&&

**HEADLINE-1**

# MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഇന്ന് രാവിലെ 11ന്. പരിപാടിയുടെ 122-ാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും. തുടർന്ന്, മലയാള പരിഭാഷയും കേൾക്കാം. ആകാശവാണി ന്യൂസ് വെബ്സൈറ്റ്, ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പ് എന്നിവയിലും തത്സമയം പ്രക്ഷേപണം ഉണ്ടാകും. ആകാശവാണി ന്യൂസ്, ഡിഡി ന്യൂസ്, പിഎംഒ, വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകളിലും പരിപാടി ശ്രവിക്കാവുന്നതാണ്.

*********************

**HEADLINE-2**

## GOOD GOVERNANCE MEETING

എൻഡിഎ ഭരിക്കുന്ന സംസ്ഥാനങ്ങളിലെ 20 മുഖ്യമന്ത്രിമാരും 18 ഉപമുഖ്യമന്ത്രിമാരും പങ്കെടുക്കുന്ന ഒരു ദിവസത്തെ സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ നടക്കും. സദ്ഭരണം പ്രമേയമാക്കി സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷത വഹിക്കും. ബിജെപി അധ്യക്ഷൻ ജെ പി നഡ്ഡ, ആഭ്യന്തരമന്ത്രി അമിത് ഷാ, രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് തുടങ്ങിയവർ പങ്കെടുക്കും. ഓപ്പറേഷൻ സിന്ദൂറിന്റ വിജയത്തിൽ ഇന്ത്യൻ സൈന്യത്തെയും പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും യോഗം അഭിനന്ദിക്കും. ജാതി സെൻസസ് നടത്താനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനത്തിന് പിന്തുണ അറിയിക്കും. എൻഡിഎ മുഖ്യമന്ത്രിമാർ സ്വന്തം സംസ്ഥാനങ്ങളിലെ സംരംഭങ്ങളെക്കുറിച്ച് വിശദീകരിക്കും.

*********************

**HEADLINE-4**

## RAIN - KERALA

കേരളത്തിൽ കാലവർഷം കനത്തതോടെ വ്യാപക നാശനഷ്ടം. രണ്ടു ദിവസം അതി തീവ്രമഴയ്ക്കും 28 വരെ തീവ്ര മഴയ്ക്കും സാധ്യതയുണ്ട്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ചുവപ്പു ജാഗ്രത നിർദ്ദേശം നൽകി. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഈ മാസം 28 വരെ മീൻപിടിത്തം നിരോധിച്ചു.

*********************

## KANNUR-RAIN (INTRO)

കണ്ണൂർ ജില്ലയിൽ കനത്ത മഴ തുടരുന്നു. മഴക്കെടുതികളും രൂക്ഷമാണ്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

(വോയിസ്)

*********************

## K RAJAN

കാലവർഷം ശക്തമാകുന്ന സാഹചര്യത്തിൽ 4,000-ത്തോളം ക്യാമ്പുകൾ ആരംഭിക്കുമെന്ന് മന്ത്രി കെ രാജൻ. ഈ മാസം 27 ഓടെ മധ്യ പടിഞ്ഞാറൻ വടക്കാൻ ബംഗാൾ ഉൾക്കടലിനു മുകളിലായി മറ്റൊരു ന്യൂനമർദം കൂടി രൂപപ്പെടാനുള്ള സാധ്യതയുണ്ട്. അതിനാൽ അടുത്ത 16 ദിവസം വലിയ ജാഗ്രത വേണമെന്നും മന്ത്രി പറഞ്ഞു.

*********************

## IDUKKI-RAIN (INTRO)

ശക്തമായ മഴയെ തുടർന്ന് ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്ക ദുരന്ത സാദ്ധ്യതകൾ കണക്കിലെടുത്ത് ഇടുക്കിയിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഖനന പ്രവർത്തനങ്ങൾക്ക് പുറമേ വിനോദസഞ്ചാര മേഖലയിലും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയിസ്)

*********************

## RAIN-VEENA GEORGE

ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ഡെങ്കിപ്പനി, എലിപ്പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ ഉണ്ടാകാൻ

സാധ്യതയുണ്ടെന്ന് മന്ത്രി വീണ ജോർജ്. മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ ആശുപത്രികൾക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

*********************

**HEADLINE-3**

## ALL -PARTY DELEGATIONS

ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ നിലപാട് ലോകരാജ്യങ്ങളെ ധരിപ്പിക്കാൻ ചുമതലപ്പെടുത്തിയ വിവിധ സർവ്വകക്ഷി സംഘങ്ങൾ സന്ദർശനം തുടരുന്നു. ഗയാന, അമേരിക്ക, പനാമ, ബ്രസീൽ, കൊളംബിയ എന്നീ രാജ്യങ്ങളിലേക്കുള്ള ശശി തരൂർ തരൂർ എംപിയുടെ നേതൃത്വത്തിലുള്ള സംഘം ന്യൂയോർക്കിലെത്തി. കോൺസുലേറ്റിൽ നടന്ന ആശയവിനിമയത്തിൽ ഭീകരതയ്ക്കെതിരെയുള്ള ഇന്ത്യയുടെ നിലപാട് വിശദീകരിച്ചു. ജെഡിയു എംപി സഞ്ജയ് ഝാ നയിക്കുന്ന സംഘം ജപ്പാൻ സന്ദർശനം പൂർത്തിയാക്കി ദക്ഷിണ കൊറിയയിലെ സോളിലെത്തി. മോസ്കോയിലുള്ള ഡിഎംകെ എംപി കനിമൊഴിയുടെ നേതൃത്വത്തിലുള്ള സംഘം ഇന്ത്യൻ എംബസിയിൽ നടന്ന സംയുക്ത വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു. ശിവസേന എംപി ഡോ. ശ്രീകാന്ത് ഷിൻഡെയുടെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം യു എ ഇ സന്ദർശനം പൂർത്തിയാക്കി കോംഗോയിലേക്ക് തിരിച്ചു. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് നൽകിയ അചഞ്ചലമായ പിന്തുണയ്ക്ക് സംഘം യുഎഇ ഭരണ നേതൃത്വത്തിന് നന്ദി അറിയിച്ചു.

*********************

## JAISHANKAR-GERMANY

ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ പോരാട്ടത്തിന് ജർമനി നൽകിയ പിന്തുണയ്ക്ക് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ നന്ദി അറിയിച്ചു. ജർമൻ വിദേശകാര്യ മന്ത്രിയുമായുള്ള

കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ജർമ്മൻ ചാൻസലർ ഫ്രെഡറിക് മെർസുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. പ്രതിരോധം, ഡിജിറ്റൽ സാങ്കേതികവിദ്യകൾ, നിർമ്മിത ബുദ്ധി, ഹരിത, സുസ്ഥിര വികസനം എന്നിവയുൾപ്പെടെയുള്ള തന്ത്രപരമായ മേഖലകളിലെ സഹകരണം കൂടുതൽ ശക്തിപ്പെടുത്താനുള്ള പ്രതിബദ്ധത ഇരുരാജ്യങ്ങളും ആവർത്തിച്ചു.

*********************

## NITI AYOG (INTRO)

ഓരോ സംസ്ഥാനത്തും ആഗോള നിലവാരത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രമെങ്കിലും വികസിപ്പിക്കാനും എല്ലാ അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കാനും പ്രധാനമന്ത്രി നരേന്ദ്ര മോദി സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടു. ന്യൂഡൽഹിയിൽ ചേർന്ന നിതി ആയോഗിന്റെ പത്താം ഭരണസമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കയറ്റുമതി വർധിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചതായും 'ഒരു ജില്ല, ഒരു ഉൽപ്പന്നം' എന്ന സംരംഭത്തിന്റെ പ്രാധാന്യം യോഗത്തിൽ ഊന്നിപ്പറഞ്ഞതായും നീതി ആയോഗ് സിഇഒ ബിവിആർ സുബ്രഹ്മണ്യം പറഞ്ഞു.

(ഹോൾഡ് വോയിസ്)

ഓപ്പറേഷൻ സിന്ദൂരിൽ സമൂഹത്തിന്റെ എല്ലാ പിന്തുണയുമുണ്ടായിരുന്നു. വികിസിത് ഭാരത് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഓപ്പറേഷൻ സിന്ദൂരിൽ കാണിച്ച ടീം ഇന്ത്യയുടെ ശക്തി ആവശ്യമാണെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടിയെന്നും ശ്രീ സുബ്രഹ്മണ്യം വ്യക്തമാക്കി.

*********************

## EC CONFERENCE

ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷനെ പ്രതിനിധീകരിക്കുന്ന ദേശീയ സമ്മേളനം ഇന്നലെ ന്യൂഡൽഹിയിൽ ചീഫ് ഇലക്ഷൻ കമ്മീഷണർ ഗ്യാനേഷ് കുമാർ ഉദ്ഘാടനം ചെയ്തു. സുപ്രീം കോടതിയിലെയും ഹൈക്കോടതികളിലെയും മുതിർന്ന അഭിഭാഷകരും എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും 36 സി.ഇ.ഒമാരും ഉദ്യോഗസ്ഥരും പങ്കെടുത്തു. തിരഞ്ഞെടുപ്പ് നിയമം, ജുഡീഷ്യൽ നടപടികൾ, നിയമ പരിഷ്കാരങ്ങൾ എന്നിവക്ക് ഊന്നൽ നൽകിക്കൊണ്ട്, കമ്മീഷന്റെ നിയമ വിഭാഗത്തിന്റെ കാര്യക്ഷമത, ഏകോപനം എന്നിവ വർദ്ധിപ്പിക്കുന്നതിലാണ് ചർച്ചകൾ കേന്ദ്രീകരിച്ചത്.

*********************

## BRICS CULTURE

നാളെ ബ്രസീലിൽ ആരംഭിക്കുന്ന ബ്രിക്സ് സാംസ്കാരിക മന്ത്രിമാരുടെ യോഗത്തിൽ ഇന്ത്യ പങ്കെടുക്കും. കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്താണ് ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിക്കുന്നത്. ബ്രിക്സ് രാജ്യങ്ങളായ ബ്രസീൽ, റഷ്യ, ചൈന, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിൽ നിന്നുള്ള സാംസ്കാരിക മന്ത്രിമാരും യോഗത്തിൽ പങ്കെടുക്കും. സംയുക്ത സാംസ്കാരിക പദ്ധതികൾ, സ്ഥാപന പങ്കാളിത്തങ്ങൾ എന്നിവയിലൂടെ പരസ്പര ധാരണയും സാംസ്കാരിക സഹകരണവും പ്രോത്സാഹിപ്പിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. ചർച്ചകളിൽ, സാംസ്കാരിക നയതന്ത്രം, പൈതൃക സംരക്ഷണം തുടങ്ങിയവയിലുള്ള ഇന്ത്യയുടെ പ്രതിബദ്ധത കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടും.

*********************

### HEADLINE-5

## MSC ELSA 3 CONTAINER SHIP

ഇന്നലെ കൊച്ചി തീരത്ത് നിന്ന് ഏകദേശം 38 നോട്ടിക്കൽ മൈൽ തെക്ക് പടിഞ്ഞാറ് അറബിക്കടലിൽ ചരിഞ്ഞ MSC എൽസ 3 എന്ന കപ്പലിലെ 24 കപ്പൽ ജീവനക്കാരിൽ 21 പേരെ രക്ഷപ്പെടുത്തിയതായി നാവികസേന അറിയിച്ചു. ക്യാപ്റ്റൻ, ചീഫ് എൻജിനീയർ, സെക്കൻഡ് എൻജിനീയർ എന്നിവർ ചരക്ക് സാമഗ്രികൾ വീണ്ടെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി കപ്പലിൽ തുടരുന്നു. രക്ഷപ്പെട്ടവർക്ക് മെഡിക്കൽ സഹായം ഏർപ്പെടുത്തിയിട്ടുണ്ട്. നാവികസേനയുടെയും, കോസ്റ്റ് ഗാർഡിന്റെയും കപ്പലുകളും ഡോർണിയർ വിമാനങ്ങളും രക്ഷാപ്രവർത്തനം തുടരുന്നു.

*********************

**HEADLINE-6**

## IPL CRICKET

ഐപിഎൽ ടി-20 ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസിനു തകർപ്പൻ ജയം. ഇന്നലെ രാത്രി ജയ്പൂരിൽ നടന്ന മത്സരത്തിൽ പഞ്ചാബ് കിംഗ്സിനെ ആറ് വിക്കറ്റിനാണ് ഡൽഹി ക്യാപിറ്റൽസ് പരാജയപ്പെടുത്തിയത്. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകുന്നേരം 3:30 ന് അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ, ആതിഥേയരായ ഗുജറാത്ത് ടൈറ്റൻസ്, ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും. ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ, രാത്രി 7:30 ന് സൺറൈസേഴ്സ് ഹൈദരാബാദും കൊൽക്കത്ത നൈറ്റ് റൈഡേഴ്സും തമ്മിലാണ് പോരാട്ടം.

*

*********

**********************************